പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 7, 2017

## പ്രധാൻ മന്ത്രി ഗരീബ് കല്യാൺ ഡെപ്പോസിറ്റ് സ്കീം (PMGKDS) 2016

ഭാരതീയ റിസർവ് ബാങ്കുമായി കൂടിയാലോചിച്ചതിനുശേഷം ഭാരത സർക്കാർ പ്രധാൻ മന്ത്രി ഗരീബ് കല്യാൺ ഡെപ്പോസിറ്റ് സ്കീം - (PMGKDS) 2016, ഡിസംബർ 16 ന് വിജ്ഞാപനം ചെയ്യുകയുണ്ടായി (വിജ്ഞാപനം നം. S.O.4061(E)) പ്രധാൻ മന്ത്രി ഗരീബ് കല്യാൺ യോജന, 2016 നു കീഴിൽ കണക്കിൽ കൊള്ളിക്കാത്ത വരുമാനം വെളിപ്പെടുത്തിയവർക്ക് ഈ പദ്ധതിയിൽ നിക്ഷേപിക്കാവുന്നതാണ്. വെളിപ്പെടുത്തിയ കണക്കിൽ കൊള്ളിക്കാത്ത വരുമാനത്തിന്റെ 25 ശതമാനത്തിൽ കുറയാത്ത തുക ഭാരത സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ബാങ്കുകളിൽ 2016 ഡിസംബർ 17 ശനിയാഴ്ച മുതൽ 2017 മാർച്ച് 31 വെള്ളായാഴ്ച വരെ നിക്ഷേപിക്കാവുന്നതാണ്.

ഇതോടനുബന്ധിച്ച് ഭാരത സർക്കാർ വരുമാനം വെളിപ്പെടുത്തിയ വ്യക്തികൾക്ക് ഒന്നോ അതിൽ കൂടുതലോ അവസരത്തിൽ പണം നിക്ഷേപിക്കുവാൻ അനുവദിച്ചുകൊണ്ട് തീരുമാനം എടുത്തിരിക്കുന്നതിനാൽ വിജ്ഞാപനത്തിന്റെ ഖണ്ഡിക 4(4) താഴെപറയുന്ന രീതിയിൽ ഭേദഗതി ചെയ്തിരിക്കുന്നു.

“4. ബോണ്ട്സ് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതിയും തുകയും-- (4) പദ്ധതിയുടെ വകുപ്പ് 199F ഉപവകുപ്പ് (1) പ്രകാരം തുക ഒന്നോ അതിൽ കൂടുതലോ അവസരങ്ങളിൽ നിക്ഷേപിക്കാവുന്നതാണ്. വകുപ്പ് 199C ഉപവകുപ്പ് (1) പ്രകാരം വരുമാനം വെളിപ്പെടുത്തിക്കൊണ്ടുള്ള പ്രതിജ്ഞാപത്രം നൽകുന്നതിനു മുൻപായി നിക്ഷേപങ്ങൾ നടത്താവുന്നതാണ്.“

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : **2016-2017/2116**